| | | | |
|---|---|---|---|
| (ബി) | നിത്യോപയോഗ സാധനങ്ങൾ സബ്സിഡിനിരക്കിലും ന്യായവിലയ്ക്കും ലഭ്യമാക്കാൻ സഹകരണ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ; | (ബി) | ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ സാധാരണക്കാർക്ക് സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തൊട്ടാകെ ആരംഭിച്ചിട്ടുള്ള നന്മ സ്റ്റോറുകൾ വഴി വർഷം മുഴുവനും കുറഞ്ഞ നിരക്കിൽ (പൊതുവിപണിയിൽ നിന്നും 20% വരെ) സാധനങ്ങൾ ലഭ്യമാക്കിവരുന്നു. വിലവർദ്ധനവിന് ഏറെ സാധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർഫെഡും സംസ്ഥാന സഹകരണ വകുപ്പുമായി സഹകരിച്ച് ഉത്സവകാല സബ്സിഡി വിപണന മേളകൾ നടത്താറുണ്ട്. ഇവ നടത്തുന്നതിലൂടെ പൊതു വിപണിയിൽ നിന്നും 15% മുതൽ 50% വരെ വില കുറയ്ക്കാൻ വ്യാപാരികൾ നിർബന്ധിതരായിട്ടുണ്ട്. കൂടാതെ ന്യായവിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ ത്രിവേണി സ്റ്റോറുകളിലൂടെയും, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളിലൂടെയും സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കൺസ്യൂമർഫെഡിനെ കൂടുതൽ ജനകീയമാക്കുന്നതിനും സ്റ്റോറുകളിലെ വില്പന മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) | കൺസ്യൂമർഫെഡിനെ കൂടുതൽ ജനകീയമാക്കുന്നതിനും സ്റ്റോറുകളിലെ വിൽപ്പന മെച്ചപ്പെടുത്തുന്നതിനുമായി കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ